**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4555** **19-03-2025 - ൽ മറുപടിയ്ക്ക്**

**ജാതി സർട്ടിഫിക്കറ്റ് നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാരമ്പര്യമായി ഒരു പ്രത്യേക സമുദായക്കാരായി ജീവിച്ചുവരികയും അറിവില്ലായ്മ കാരണം സ്കൂൾ രേഖകളിൽ ഉയർന്ന ജാതിയായി രേഖപ്പെടുത്തുകയും ചെയ്ത കുടുംബങ്ങളിലെ പുതിയ തലമുറയിൽപ്പെട്ടവർ സ്കൂൾ രേഖകളിൽ യഥാർത്ഥ ജാതിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ അവർക്ക് സംവരണ ആനുകൂല്യങ്ങൾ ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ജാതി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള “Competent Authority” പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് താലൂക്ക് തഹസിൽദാറും മറ്റുള്ളവർക്ക് വില്ലേജ് ഓഫീസർ/ തഹസിൽദാർ എന്നിവരുമാണ്. ഇതിനായി വില്ലേജ് ഓഫീസർ അപേക്ഷകന്റെയും മാതാപിതാക്കളുടെയും ജാതി സംബന്ധിച്ച രേഖകൾ പരിശോധിക്കുകയും വിശദമായ പ്രാദേശികാന്വേഷണം നടത്തി വില്ലേജ് ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ “Competent Authority” അപേക്ഷകർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുകയുമാണ് ചെയ്യുന്നത്. അപേക്ഷകന് മുൻപ് ലഭിച്ച ജാതി/മത സർട്ടിഫിക്കറ്റ് കൈവശമുണ്ട് എന്നതുകൊണ്ട് മാത്രം അയാൾ പ്രസ്തുത ജാതിയിൽ ഉൾപ്പെടുന്നു എന്ന് അനുമാനിക്കാനാവില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജാതി സംബന്ധിച്ച അപേക്ഷകളിൽ എന്തെങ്കിലും തർക്കമുള്ള പക്ഷം ഇത്തരം വിഷയങ്ങൾ പരിശോധിക്കുന്നതിനുള്ള പ്രത്യേക സർക്കാർ ഏജൻസിയായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർറ്റാഡ്സ്)-നോട് ഈ വിഷയത്തിൽ വിശദമായ നരവംശശാസ്ത്ര അന്വേഷണം നടത്താൻ തഹസിൽദാർ ആവശ്യപ്പെടുകയും കിർറ്റാഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ യഥാർത്ഥ ജാതി സർട്ടിഫിക്കറ്റ് നൽകുകയുമാണ് ചെയ്യുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കുന്നപക്ഷം ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സമൊന്നും ഇല്ല. എന്നാൽ പാരമ്പര്യമായി ഒരു പ്രത്യേക സമുദായക്കാരായി ജീവിച്ചുവരുകയും അറിവില്ലായ്മ കാരണം സ്കൂൾ രേഖകളിൽ ഉയർന്ന ജാതിയായി രേഖപ്പെടുത്തുകയും ചെയ്ത കുടുംബങ്ങളിലെ പുതിയ തലമുറയിൽപ്പെട്ടവർ സ്കൂൾ രേഖകളിൽ യഥാർത്ഥ |

| | | | |
|---|---|---|---|
| | | | ജാതിയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതുകൊണ്ട് മാത്രം അവർക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കണം എന്നില്ല. മുകളിൽ സൂചിപ്പിച്ച നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഇവരുടെ യഥാർത്ഥ ജാതി തെളിയിക്കപ്പെട്ടാൽ ഇവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതാണ്. കാരണം പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ വിഷയത്തിൽ 1996-ലെ കേരള (പട്ടികജാതി പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ടിലെ സെക്ഷൻ 10 പ്രകാരം ഒരാൾ ആ ജാതിയിലോ ഗോത്രവർഗ്ഗത്തിലോപെട്ട ആളാണെന്ന് തെളിയിക്കേണ്ട ബാധ്യത അയാൾക്കു തന്നെയാണ്. |
| (ബി) | ശരിയായ ജാതിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം സ്കൂൾ രേഖകൾ പരിഗണിച്ച് ജാതി സർട്ടിഫിക്കറ്റ് നൽകാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ; | (ബി) | കേവലം സ്കൂൾ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജാതി മാത്രം പരിഗണിച്ചല്ല "Competent Authority" ആയ വില്ലേജ് ഓഫീസർ/തഹസിൽദാർ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. അപേക്ഷകന്റേയും മാതാപിതാക്കളുടെയും ജാതി സംബന്ധിച്ച രേഖകൾ പരിശോധിച്ചും വിശദമായ പ്രാദേശികാന്വേഷണം നടത്തിയും ആവശ്യമുള്ളപക്ഷം അപേക്ഷകന്റെ അതേ ജാതി/മത വിഭാഗത്തിൽപ്പെട്ട അയൽസാക്ഷികളിൽ നിന്നും മൊഴികൾ ശേഖരിച്ച് ആയതു പരിശോധിച്ചും വില്ലേജ് ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഓഫീസർ/തഹസിൽദാർ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ കേസുകളിൽ കിർറ്റാഡ്സിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിലും ജാതി സർട്ടിഫിക്കറ്റ് തഹസിൽദാർ അനുവദിക്കാറുണ്ട്. |
| (സി) | ഇത്തരം വിഷയങ്ങൾ പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | പിന്നാക്ക വിഭാഗക്കാരുടെയും മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെയും ജാതി തെളിയിക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥർ നടത്തുന്ന പ്രാദേശിക അന്വേഷണം തന്നെയാണ് സംവിധാനം. 1996 ലെ കേരള (പട്ടിക ജാതി പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ട് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജാതി നിർണ്ണയം സംബന്ധിച്ച വിശദമായ നരവംശശാസ്ത്ര അന്വേഷണം നടത്താൻ പ്രത്യേക സർക്കാർ ഏജൻസി ആയ കിർറ്റാഡ്സിനോട് തഹസിൽദാർ ആവശ്യപ്പെടുകയും കിർറ്റാഡ്സ് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ യഥാർത്ഥ ജാതി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. ഈ വിഷയത്തിൽ അപേക്ഷകനു |

| | | | |
|---|---|---|---|
| | | | അതൃപ്തിയുള്ളപക്ഷം അപ്പീൽ നൽകുന്നതിനും സംവിധാനം ഉണ്ട്. |
| (ഡി) | ഹിന്ദു മതത്തിലെ വാണിയൻ സമുദായത്തിൽ ഉൾപ്പെട്ടുകയും സ്കൂൾ രേഖകളിൽ ഹിന്ദു വാണിയൻ എന്ന് രേഖപ്പെടുത്തുകയും എന്നാൽ മാതാപിതാക്കളുടെ സ്കൂൾ രേഖകളിൽ ഹിന്ദു-നായർ എന്ന് രേഖപ്പെടുത്തിയതിന്റെ പേരിൽ, പ്രാദേശിക അന്വേഷണത്തിൽ ഹിന്ദു-വാണിയൻ ആണെന്ന് ബോധ്യപ്പെട്ടിട്ടും, ജാതി നിർണ്ണയിച്ച നൽകാൻ പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൈമാറിയ ആര്യ കെ. എസ്., D/o. ശശിധരൻ കുറിഞ്ചാലിൽ എന്നയാളുടെ ഫയലിന്മേൽ അടിയന്തര തീരുമാനമുണ്ടാവുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കുമാരി ആര്യ കെ. എസിന്റെ സ്കൂൾ സർട്ടിഫിക്കറ്റിൽ ഹിന്ദു-വാണിയാൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സർട്ടിഫിക്കറ്റുകളിൽ ഹിന്ദു-നായർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ജാതിയിൽ സംശയമുള്ളപക്ഷം ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് പ്രാദേശിക അന്വേഷണം നടത്തിയതിനു ശേഷം പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവാദിക്കാവുന്നതാണ്. ആയതിനാൽ കുമാരി ആര്യ കെ. എസിന് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന പക്ഷം പ്രാദേശിക അന്വേഷണം നടത്തി റിപ്പോർട്ട് പ്രകാരം യഥാർത്ഥ ജാതി സർട്ടിഫിക്കറ്റ് അനുവദിച്ച നൽകാവുന്നതാണെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ കോഴിക്കോട് തഹസിൽദാരെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ